# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലായ് 2, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 272)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി | 5083 മുതൽ 5211 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 5212 മുതൽ 5248 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | 5249 മുതൽ 5307 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 5308 മുതൽ 5354 വരെ |

## രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീ കരൺ യോജന

5083 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ് .ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീ കരൺ പ്രകാരം സൗജന്യ വൈദ്യുതി വിതരണ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര പേർക്ക് വീതം സൗജന്യ വൈദ്യുതി നല്കി ; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ എത്ര തുക ലഭിച്ചു ; ഇതിൽ എത്ര തുക വിനിയോഗിച്ചു ; ഓരോ ജില്ലയിലും എത്ര തുക വീതം വിനിയോഗിച്ചു ;

(സി) എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് എതെല്ലാം കമ്പനികളെയാണ് ഏല്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

"എല്ലാ വീടുകളിലും വൈദ്യുതി"

5084 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടപ്പിലാക്കിയ എല്ലാ വീടുകളിലും വൈദ്യുതി പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഉപഭോക്താക്കൾക്ക് വൈദ്യുതികണക്ഷൻ ഇതുവരെ നൽകി; വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി</u>

5085 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം മണ്ഡലങ്ങളിലാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചത്;

(ബി) ഈ മണ്ഡലങ്ങളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര എണ്ണം തീർപ്പാക്കിയെന്നും അറിയിക്കാമോ?

## കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

വൈദ്യുതി വിലയ്ക്ക് വാങ്ങുന്ന നടപടി

5086 ശ്രീ. വി. ശശി
,, കെ. രാജു
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നാളിതുവരെ എത്ര മെഗാവാട്ട് വൈദ്യുതി വിലയ്ക്കു വാങ്ങിയിട്ടുണ്ട്; എവിടെ നിന്നെല്ലാമാണ് വൈദ്യുതി വാങ്ങിയതെന്നും അവയ്ക്ക് നൽകിയ വില എത്ര വീതമാണെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ ഇടപാടുകൾ മൂലം ബോർഡിന് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിൽ നിന്നും എസ്. സി/എസ്. റ്റി., ബി. പി. എൽ. വിഭാഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ</u>

5087 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക വൈദ്യുതി കണക്ഷൻ നല്കുന്നതുമായി ബന്ധപ്പെട്ട് മുൻപ് എസ്. സി/എസ്. റ്റി. വിഭാഗങ്ങൾ, ബി. പി. എൽ വിഭാഗങ്ങൾ തുടങ്ങിയവർക്കു നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ എന്നു വ്യക്തമാക്കുമോ;

(ബി) നിർത്താലാക്കിയത് എന്നുമുതലാണ് ഇതിന് കാരണമെന്ത്; സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നയാളുകൾക്കും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സൗജന്യമായി വൈദ്യുതി എത്തിക്കുന്നതിൽ എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കുമോ; ഇല്ലെങ്കിൽ പഴയ ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>അധിക വൈദ്യുതി ഉത്പാദനം</u>

5088 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുന്നതിന് എത്ര പദ്ധതികൾ നടപ്പാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതികൾ മുഖാന്തിരം എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉത്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര വൈദ്യുത പദ്ധതികൾ ആരംഭിച്ചുവെന്നും പ്രസ്തുത പദ്ധതികളിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

തെറ്റായ വൈദ്യുതി ഉപയോഗം ക്രമവൽക്കരിക്കാൻ പദ്ധതി

5089 ശ്രീ. സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) ഇങ്ങനെയുള്ള തെറ്റുകൾ ക്രമവൽക്കരിക്കാൻ ഉപയോക്താക്കൾക്ക് അവസരം നൽകാൻ വൈദ്യുതി ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരത്തിലുള്ള തെറ്റായ വൈദ്യുതി ഉപയോഗമാണ് ഈ പദ്ധതിയിൻ കീഴിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എങ്ങനെയാണ് നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>വൈദ്യുതി വിതരണ മേഖലയിൽ ഫൈനാൻഷ്യൽ റീ – സ്ട്രക്ചറിംങ്</u>

5090 ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയിൽ ഫൈനാൻഷ്യൽ റീ – സ്ട്രക്ചറിംങ് എന്ന കേന്ദ്ര ഗവൺമെന്റ് പാക്കേജ് സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വർഷം തോറും കറന്റ് ചാർജ്ജ് വർദ്ധിപ്പിക്കുവാനും വിതരണ മേഖലയിൽ ഫ്രാഞ്ചൈസി – സ്വകാര്യ വത്കരണത്തിനും തയ്യാറാണ് എന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(സി) കേരളത്തിലെ സാധാരണ ജനങ്ങളെയും കൃഷിക്കാരെയും വ്യവസായത്തെയും പ്രസ്തുത തീരുമാനം ഗുരുതരമായി ബാധിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വൈദ്യുതിചാർജ്ജ് കുടിശ്ശികയുള്ള സർക്കാർ- പൊതുമേഖല-സ്വകാര്യസ്ഥാപനങ്ങളുടെ പേരുവിവരം</u>

5091 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മെയ് 31 വരെ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള തുക എത്ര;

(ബി) സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക ഈ കാലയളവിൽ എത്രയെന്നു വ്യക്തമാക്കുമോ;

(സി) വൻകിട-സ്വകാര്യ സ്ഥാപനങ്ങുളടെ കുടിശ്ശിക എത്ര;

(ഡി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള സർക്കാർ-പൊതുമേഖല-സ്വകാര്യസ്ഥാപനങ്ങളുടെ പേരുവിവരം കുടിശ്ശിക ഉൾപ്പെടെ വിശദമാക്കുമോ; നിവലവിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ബാധ്യത എത്ര ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

5092 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ സഞ്ചിത നഷ്ടം 2013 മെയ് മാസം 31-ാം തീയതിയിലെ കണക്ക് പ്രകാരം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2013 മെയ് മാസം 31-ാം തീയതിയിലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്; എത്ര പിരിഞ്ഞുകിട്ടി; ഇനി ബാക്കി എത്ര;

(സി) കുടിശ്ശിക തുക അടയ്ക്കുന്നതിന് സർക്കാർ എത്ര പേർക്ക് സ്റ്റേ നൽകിയിട്ടുണ്ട്; സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എത്ര കുടിശ്ശിക അടക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വൈദ്യുതി മീറ്റർ ലഭ്യമാക്കുന്ന കമ്പനികളുടെ വിവരം</u>

5093 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് നിലവിൽ മീറ്ററുകൾ വാങ്ങുന്നത് ഏതെല്ലാം കമ്പനികളിൽ നിന്നാണ്; ഈ സർക്കാർ വന്നതിന് ശേഷം ഓരോ കമ്പനിയിൽ നിന്നും വാങ്ങിയ മീറ്ററുകളുടെ എണ്ണവും വിലയും വിശദമാക്കുമോ;

(ബി) കൊല്ലം മീറ്റർ കമ്പനിയിൽ നിന്നും നിലവിൽ കെ.എസ്.ഇ.ബി മീറ്ററുകൾ വാങ്ങുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ വന്നതിന് ശേഷം എത്ര മീറ്ററുകൾ ഇവിടെ നിന്നും വാങ്ങിയിട്ടുണ്ട്; അവയുടെ വില എന്തായിരുന്നു; ഇല്ലെങ്കിൽ വാങ്ങാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഗവൺമെന്റ് (2006 - 11) കൊല്ലം മീറ്റർ കമ്പനിയിൽ നിന്നും വാങ്ങിയ മീറ്ററുകളുടെ എണ്ണവും, വിലയും വർഷം തിരിച്ച് വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാർ വന്നതിനു ശേഷം കേടായ എത്ര മീറ്ററുകൾ മാറ്റി സ്ഥാപിട്ടിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തത് മൂലം മാത്രം ബോർഡിന് 2011 ലും 2012 ലും ശരാശരി എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചെലവ് കുറയ്ക്കുന്നതിന് എൽ.ഇ.ഡി ബൾബുകൾ</u>

5094 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചെലവ് കുറയ്ക്കുന്നതിന് കൂടുതൽ ശക്തമായ പ്രകാശം ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ എൽ. ഇ.ഡി ബൾബുകൾ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങളോ പ്രചാരണങ്ങളോ നൽകുന്നുണ്ടോ; ഇതു സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ;

(ബി) വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് അണ്ടർഗ്രൗണ്ട് കേബിളുകൾ കൂടുതൽ പ്രയോജനകരമാണെന്നു കണ്ടെത്തിയിട്ടുണ്ടോ; കേരളത്തിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ വിനിയോഗിക്കുന്ന മേഖലകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പരസ്യബോർഡുകളിൽ രാത്രികാലം മുഴുവനും ഉപയോഗിക്കുന്ന ശക്തമായ വെളിച്ചത്തിന് വിദ്യുച്ഛക്തി വിനിയോഗിക്കുവാൻ അനുമതി നൽകുന്നുണ്ടോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

അനധികൃത റിവോൾവിംഗ് ലൈറ്റ് ഉപയോഗം

5095 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ തസ്തികയിലുള്ള ഉന്നത ഉദ്യോഗസ്ഥരുടെ വാഹനങ്ങളിലാണ് ചുവന്ന റിവോൾവിംഗ് ലൈറ്റ് ഘടിപ്പിക്കുവാൻ അനുവാദമുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃതമായി റിവോൾവിംഗ് ലൈറ്റ് ഉപയോഗിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിലുള്ള നടപടി ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്കെതിരെ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉത്പാദന പ്രസരണ മേഖലയിൽ ഹാൻജോക്ക് കമ്പനി</u>

5096 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതിയുടെ ഉൽപാദന പ്രസരണ മേഖലയിൽ ഇടപെടാൻ കൊറിയൻ കമ്പനിയായ ഹാൻജോക്കിനെ ചുമതലപ്പെടുത്തി തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തെ മന്ത്രിസഭായോഗത്തിലാണ് തീരുമാനം എടുത്തതെന്നും, യോഗ തീരുമാനത്തിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ഉത്തരകേരളത്തിലെ വൈദ്യുതി പ്രതിസന്ധി</u>

5097

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരകേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് ലക്ഷ്യമിടുന്നത്;

(ബി) ഉഡുപ്പി-മൈലാട്ടി 400 കെ.വി. ലൈൻ സ്ഥാപിക്കുന്നതിന് കേന്ദ്ര വൈദ്യുതി അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷൻ 400 കെ.വി. സബ്സ്റ്റേഷനായി ഉയർത്താൻ ലക്ഷ്യമിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 2.07.2013–ലെ മറുപടിക്ക്

<u>ദേശീയ പവർ എക്സ്ചേഞ്ച് വഴി വാങ്ങിയ വൈദ്യുതി</u>

5098 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ദേശീയ പവർ എക്സ്ചേഞ്ച് വഴി എത്ര വൈദ്യുതിയാണ് വാങ്ങിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം വാങ്ങിയ വൈദ്യുതിയുടെ വിലയെന്തായിരുന്നു;

(സി) ദേശീയ പവർ എക്സ്ചേഞ്ച് വഴി ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയത് ബോർഡിന് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 2012 ഡിസംബർ 15 ന്റെ പവർ എക്സ്ചേഞ്ച് ടെണ്ടറിൽ കെ.എസ്.ഇ.ബി പങ്കെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ബി. ഒ. ടി. വ്യവസ്ഥയിൽ ജലവൈദ്യുത പദ്ധതികൾ

5099 ശ്രീ. എളമരം കരീം
,, ബി. സത്യൻ
,, സാജു പോൾ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ബി. ഒ. ടി. അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) സ്വകാര്യ പങ്കാളികളെ നിശ്ചയിക്കുന്നതിനുള്ള നടപടി ക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പങ്കാളിത്തം എന്താണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ വെള്ളം</u>

5100 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ ഇപ്പോൾ എത്ര ദിവസം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ വെള്ളം ഉണ്ട് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

'ലാഭപ്രഭ' പങ്കാളിത്തം

5101 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി ആരംഭിച്ച 'ലാഭപ്രഭ' പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ നിന്നും എത്ര പേർ അംഗങ്ങളായിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് സമ്മാനങ്ങൾ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പേർ അംഗങ്ങളായത് ഏത് ജില്ലയിൽ നിന്നാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിമൂലം വൈദ്യുതി ഉപഭോഗം എത്ര കുറയ്ക്കാൻ കഴിഞ്ഞെന്നും ഇതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക നേട്ടം എത്രയാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

'ലാഭപ്രഭ' പദ്ധതിയിലൂടെ വിതരണം ചെയ്ത സമ്മാനങ്ങൾ

5102 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ലാഭപ്രഭ' പദ്ധതിയിലൂടെ എത്ര ഉപഭോക്താക്കൾക്ക് 31.05.2013 വരെ സമ്മാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ കെ.എസ്.ഇ.ബി. യിലെ എത്ര ജീവനക്കാർക്ക് 'ലാഭപ്രഭ'യിൽ സമ്മാനം ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിക്കായി 31.05.2013 വരെ എത്ര രൂപ ചെലവഴിക്കേണ്ടിവന്നു; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വൈക്കം നിയോജക മണ്ഡലത്തിൽ ലാഭപ്രഭ പദ്ധതി</u>

5103 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാഭപ്രഭ പദ്ധതിയിൽ വൈക്കം നിയോജക മണ്ഡലത്തിൽ വൈദ്യുതി ഉപഭോഗത്തിൽ എത്ര യൂണിറ്റ് കുറവ് വരുത്തിയെന്ന് കണക്ക് ലഭ്യമായിട്ടുണ്ടോ;

(ബി) ലാഭപ്രഭ പദ്ധതിയിൽ വൈക്കം നിയോജക മണ്ഡലത്തിൽ എത്ര സമ്മാനർഹരെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ലാഭപ്രഭ പദ്ധതി ഇനിയും തുടരുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>പവർകട്ട്, ലോഡ്ഷെഡിംഗ് എന്നിവ ഏർപ്പെടുത്തിയ ദിവസങ്ങൾ</u>

5104 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ദിവസങ്ങളിൽ പവർകട്ട്, ലോഡ്ഷെഡിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സൗരോർജ പാനലുകൾ</u>

5105 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിനായിട്ടുള്ള സബ്സിഡി ഏത് ഏജൻസി വഴിയാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്;

(ബി) ഏതെല്ലാം സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്; ഏതു ഏജൻസി വഴി ഏത് കമ്പനിയാണ് സ്ഥാപിച്ചത്?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജോൽപ്പാദന പദ്ധതികൾ</u>

T5106 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സൗരോർജ്ജോൽപ്പാദനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടേയും മറ്റ് വിവിധ വകുപ്പുകളുടേയും മുന്നിൽ സമർപ്പിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയും സമർപ്പിക്കപ്പെട്ട തീയതിയും പദ്ധതിയുമായി സമീപിച്ച കമ്പനികളോ വ്യക്തികളോ ആരെല്ലാമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>അനർട്ട് നടപ്പിലാക്കുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ</u>

5107

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനർട്ട് നടപ്പിലാക്കുന്ന പാരമ്പര്യേതര ഊർജ്ജ പരിപാടികൾക്കായി 2012 –13 ലും 2013 –14 ലും എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പ്രധാന ഘടകങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) 2012 –2013 ലെ പദ്ധതി ഫണ്ട് ഏതെല്ലാം ഘടകങ്ങൾക്കായാണ് നൽകിയതെന്നും 2013 –14 ലെ പദ്ധതി ഫണ്ട് വിനിയോഗത്തിൽ ഏതെല്ലാം ഘടകങ്ങൾക്കാണ് മുൻഗണന നൽകുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>അനർട്ടിന്റെ പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾ</u>

5108 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനർട്ടിന്റെ 2012-13 ലെ പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി എത്ര തുക വകയിരുത്തി;

(ബി) സൗരോർജ്ജ റാന്തലുകൾ വാങ്ങുവാൻ എത്ര തുക ചെവഴിച്ചു; ഏത് ഏജൻസിയിൽ നിന്നാണ് സൗരോർജ്ജ റാന്തലുകൾ വാങ്ങിയത്;

(സി) വീടുകളിലെ വൈദ്യുതീകരണ സംവിധാനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു; ഏത് ഏജൻസിക്കാണ് കരാർ നൽകിയത്;

(ഡി) റോഡുകളിലെ സൗരോർജ്ജ വഴിവിളക്കുകൾ സ്ഥാപിക്കുവാൻ എത്ര തുക ചെലവഴിച്ചു; ഏത് ഏജൻസിക്കാണ് കരാർ നൽകിയത്;

(ഇ) ഈ പദ്ധതിയിൽ ഉൾപ്പെട്ട ഓഫ് ഗ്രിസ്-സ്റ്റാൻ ലോൺ സോളാർ പി. വി. ആപ്ലിക്കേഷൻ എന്ന ഘടക പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണ്; ഇതിനായി എത്ര തുക ചെലവഴിച്ചു; ഏത് ഏജൻസി മുഖേനയാണ് ഇതു നടപ്പിലാക്കുന്നത്;

(എഫ്) ഈ പദ്ധതിയിൽ ഉൾപ്പെട്ട സോളാർ ഫോട്ടോ വോൾടാക് ഗ്രിഡുമായി ബന്ധിച്ച പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി എത്ര തുക ചെലവഴിച്ചു;

(ജി) ഈ പദ്ധതി നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>അനർട്ടിന്റെ പുന:സംഘടന</u>

5109 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനർട്ടിന്റെ പുന:സംഘടനയ്ക്കും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഗവൺമെന്റ് അംഗീകരിച്ചു നൽകിയ പദ്ധതി രേഖ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി 2012-2013 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണു നീക്കിവച്ചിട്ടുള്ളത്;

(സി) പ്രസ്തുത തുക ഏതെല്ലാം ഘടകപദ്ധതികൾക്കായിട്ടാണ് വകയിരുത്തിയതെന്നും ഓരോ ഘടക പദ്ധതിക്കും എത്ര തുക വകയിരുത്തിയെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>ജവഹർലാൽ നെഹ്രു ദേശീയ സൗരോർജ്ജ ദൗത്യം</u>

5110 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
'' റ്റി. വി. രാജേഷ്
'' എം. ഹംസ
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജവഹർലാൽ നെഹ്രു ദേശീയ സൗരോർജ്ജ ദൗത്യത്തിന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി വൈദ്യുതി ഉല്പാദനത്തിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്ത് ഏതെല്ലാം ഇനത്തിൽ എന്ത് തുക ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളം ഏതെങ്കിലും സ്വകാര്യ സ്ഥാപനവുമായി ധാരണയിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതിക്കുള്ള നടപടികളാണ് സ്വീകരിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ ഉണ്ടായിട്ടുണ്ടോ;

(ഇ) സൗരോർജ്ജ പദ്ധതിയുമായി ബന്ധപ്പെട്ട റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് അവകാശം സ്വകാര്യകമ്പനികൾക്ക് വിട്ടുനൽകുന്ന വിധത്തിൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

എമർജിംഗ് കേരളയിൽ വന്ന 330 മെഗാവാട്ട് സൗരോർജ്ജ പദ്ധതി

5111 ശ്രീ. ഇ. പി. ജയരാജൻ
,, എ. കെ. ബാലൻ
,, കെ. വി. വിജയദാസ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ വന്ന 330 മെഗാവാട്ട് സൗരോർജ്ജം ഉൽപാദിപ്പിക്കാനുള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പുകാരുമായി ധാരണാപത്രം ഉടൻ ഒപ്പിടുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് കമ്പനി അധികൃതർ ബോർഡുമായും സർക്കാരുമായി നടത്തിയ ചർച്ചയിൽ എന്നത്തേയ്ക്ക് ഉൽപാദനം ആരംഭിക്കുമെന്നാണ് ഉറപ്പ് നൽകിയിരുന്നത്;

(ഡി) ഇതിന് ആവശ്യമായ സ്ഥലം പാലക്കാട് കഞ്ചിക്കോട് നൽകാമെന്ന് അറിയിച്ചിട്ടുണ്ടോ;

(ഇ) കമ്പനി ആവശ്യപ്പെട്ട സ്ഥലം എത്രയെന്നും കമ്പനി മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

അനർട്ടിന്റെ ബയോഗ്യാസ് പ്ലാന്റ്

5112 ശ്രീ.എം. ഉമ്മർ
'' പി. ബി. അബ്ദുൾ റസാക്
'' കെ. മുഹമ്മദുണ്ണി ഹാജി
'' എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ബയോഗ്യാസ് പ്ലാന്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഈ പദ്ധതി പ്രകാരം ഇതേ വരെ എത്ര യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്; എത്ര തുക സബ്സിഡിയായി വിതരണം ചെയ്തു;

(സി) ഈ പദ്ധതി പ്രകാരം സ്ഥാപിച്ച യൂണിറ്റുകളുടെ പരിശോധനയ്ക്കും അറ്റകുറ്റപണിക്കും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധനയ്ക്കും അറ്റകുറ്റപണികൾക്കുമായി സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>എനർജി സ്മാർട്ട് ഹബ് പദ്ധതി</u>

5113 ശ്രീ. എം. എ. വാഹീദ്
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് ഹബ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ;

(ഡി) ഊർജ്ജ സംരക്ഷണ പ്രചാരണത്തിന് എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഇ) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജത്തിന്റെ ഗാർഹിക ഉപഭോഗം</u>

5114 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളിൽ സൗരോർജ്ജ ഉപഭോഗത്തിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എത്ര ഉപഭോക്താക്കളെ ആണ് സൗരോർജ്ജ സംവിധാനം ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ബാങ്ക് വായ്പ ഉൾപ്പെടെയുള്ള ധനസഹായങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ വൈദ്യുതി ഉൽപാദനം</u>

5115 ശ്രീ.കെ.ശിവദാസൻ നായർ
'' സി. പി. മുഹമ്മദ്
'' വി. റ്റി. ബൽറാം
'' എ. റ്റി. ജോർജ്ജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും സൗരോർജ്ജത്തിന് മുൻതൂക്കം നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നിയമം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾക്കാണ് നിയമം ബാധകമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അനർട്ട് വഴി സോളാർ പാനൽ

5116 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സൗരോർജ്ജ സംവിധാനം (സോളാർ പാനൽ) ആശുപത്രിയിലും പൊതു സ്ഥാപനങ്ങളിലും (അനർട്ട്) വഴി സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ.ഫണ്ട് ഡിപ്പോസിറ്റ് ചെയ്താൽ മാത്രമേ സോളാർ പാനൽ സംവിധാനം സജ്ജമാക്കൂ എന്ന അനർട്ടിന്റെ തീരുമാനം ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് മറ്റ് ഉപകരണങ്ങളും, സംവിധാനങ്ങളും സ്ഥാപിക്കുന്നതുപോലെ അനർട്ട് വഴി സോളാർ പാനൽ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്ത് വൈദ്യുതീകരണം</u>

5117

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്ത് വൈദ്യുതീകരണം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ സൗരോർജ്ജ മേഖലാ വ്യവസായ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നുവോ;

(ബി) അതു പ്രകാരം ലഭിച്ച അപേക്ഷകളുടെ എണ്ണവും ഓരോ സ്ഥാപനത്തിന്റെയും മേധാവിയുടെ പേരും വിലാസവും ലഭ്യമാക്കുമോ;

(സി) എത്ര സ്ഥാപനങ്ങളെ പദ്ധതി സ്ഥാപനങ്ങളായി എൻലിസ്റ്റ് ചെയ്യുകയുണ്ടായി; ഏതെല്ലാം സ്ഥാപനങ്ങൾ; ഓരോ സ്ഥാപനത്തിന്റെയും മേധാവിയുടെ പേരും വിലാസവും ലഭ്യമാക്കുമോ;

(ഡി) ഇങ്ങനെ എൻലിസ്റ്റു ചെയ്ത സ്ഥാപനങ്ങളുമായി അനർട്ട് ഉണ്ടാക്കിയിരിക്കുന്ന കരാർ വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനം പദ്ധതിയിൽ എൻലിസ്റ്റ് ചെയ്യപ്പെടുവാൻ നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(എഫ്) എൻലിസ്റ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഈ മാനദണ്ഡങ്ങൾ പാലിക്കുന്നവയാണെന്ന് എങ്ങനെയാണ് വിലയിരുത്തിയത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള നോഡൽ ഏജൻസി</u>

5118 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള നോഡൽ ഏജൻസി ഏതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് അനർട്ടിന്റെ അംഗീകാരമുള്ള എത്ര സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ഉള്ളത്; അവ ഏതെല്ലാമാണെന് വ്യക്തമാക്കുമോ; ഇതിൽ എത്ര സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരമുണ്ട്;

(സി) പ്രസ്തുത സ്ഥാപനങ്ങൾ വഴി എത്ര പ്ലാന്റുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്; എന്ത് തുക സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്; പ്രസ്തുത ഇനത്തിൽ സംസ്ഥാന വിഹിതമെത്ര; കേന്ദ്ര സർക്കാരിന്റെ വിഹിതമെത്ര? വിശദമാക്കുമോ;

(ഡി) ഇതിൽ ഏതെങ്കിലും സ്ഥാപനങ്ങളെ അനർട്ട് പിന്നീട് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; ഒഴിവാക്കാൻ എന്തായിരുന്നു കാരണം;

(ഇ) സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് അനർട്ടിന്റെ അംഗീകാരത്തിനായി എത്ര സ്ഥാപനങ്ങൾ അനർട്ടിന് അപേക്ഷ നൽകിയിരുന്നു; അതിൽ എത്ര സ്ഥാപനങ്ങളെ ഒഴിവാക്കി; ടീം സോളാർ എന്ന കമ്പനി അപേക്ഷ നൽകിയിരുന്നോ;

(എഫ്) അനർട്ടിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ ഈ പദ്ധതികൾ നടപ്പാക്കി തട്ടിപ്പു നടത്തുന്നതായി അനർട്ടിന്റെ ശ്രദ്ധയിൽ പെട്ടിരുന്നോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചത്; ടീം സോളാർ കമ്പനി തട്ടിപ്പു നടത്തുന്നതായി ശ്രദ്ധയിൽപെട്ടിരുന്നോ;

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

(ജി) ഇത്തരം തട്ടിപ്പുകളെക്കുറിച്ച് അനർട്ട് ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സര്‍ക്കാരിനു കീഴില്‍ സൗരോര്‍ജ്ജ സംരക്ഷണവും വ്യാപനവും നടത്തുന്ന ഏജന്‍സികള്‍</u>

5119 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാരിനു കീഴില്‍ സൗരോര്‍ജ്ജ സംരക്ഷണവും വ്യാപനവും നടത്തുന്ന ഏജന്‍സികള്‍ ഏതൊക്കെയാണ്;

(ബി) ഈ ഏജന്‍സികളില്‍ ഏതൊക്കെയാണ് കഴിഞ്ഞ ഒരു വര്‍ഷത്തിനിടെ സംസ്ഥാനത്ത് സോളാര്‍ റൂഫ് പാനല്‍ നിര്‍മ്മിച്ചു നല്‍കിയിട്ടുള്ളത്; എങ്കില്‍ എത്ര; വിശദമാക്കാമോ;

(സി) സര്‍ക്കാരിനു കീഴിലുള്ള ഏതെല്ലാം ഏജന്‍സികളുടെ പ്രോജക്ടുകളാണ് അനര്‍ട്ടിന്റെ അംഗീകാരത്തോടെയും അനര്‍ട്ടുമായി കൂടി ചേര്‍ന്നും നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>സൗരോര്‍ജ്ജ പാനല്‍ ഏജന്‍സി</u>

5120 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സൗരോര്‍ജ്ജ പാനല്‍ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന എത്ര ഏജന്‍സികള്‍ നിലവിലുണ്ട്;

(ബി) ഇതില്‍ കേന്ദ്ര-സംസ്ഥാന സര്‍ക്കാറുകളുടെ അംഗീകാരത്തോടെ പ്രവര്‍ത്തിക്കുന്ന ഏജന്‍സികള്‍ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഈ ഏജന്‍സികള്‍ മുഖേന സംസ്ഥാനത്ത് എത്ര സൗരോര്‍ജ്ജ പാനല്‍ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സോളാർ പാനലുകൾ</u>

5121 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് അനർട്ട് അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) അംഗീകാരമില്ലാത്ത എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്; ഈ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ജനങ്ങളെ അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) അംഗീകാരമില്ലാത്ത ഏതെങ്കിലും സ്ഥാപനങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഓഫീസുകളിലോ വീട്ടിലോ സോളാർ പാനലുകൾ സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സോളാർ പാനലുകൾ സ്ഥാപിക്കുവാൻ അംഗീകാരമുള്ള പല കമ്പനികളും അമിതമായ ചാർജ്ജാണ് ഈടാക്കുന്നതെന്നും യഥാർത്ഥ ചെലവ് ഇതിനേക്കാൾ വളരെ കുറവാണെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുവഴി സബ്സിഡികൾ അനധികൃതമായി കമ്പനികൾ തട്ടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സോളാർ എനർജിയുടെ പ്രാധാന്യം വർദ്ധിച്ചുവരുന്ന അവസരത്തിൽ കമ്പനികളുമായി ബന്ധപ്പെട്ട് ചെലവ് കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ സോളാർ പവർ പാനലുകൾ</u>

5122 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉപയോഗിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സ്ഥാപനവും ഇതിനുവേണ്ടി എത്ര രൂപ ചെലവഴിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(സി) ഏതൊക്കെ കമ്പനികളാണ് ഈ സ്ഥാപനങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) സോളാർ പാനൽ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും സർക്കാർ അംഗീകാരമുള്ള എത്ര സ്ഥാപനങ്ങളുണ്ട് എന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ഗാർഹിക സോളാർ പാനലിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി 'ഗ്രീഡിൽ' സ്വീകരിക്കുന്നതിനുള്ള നടപടി

5123 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗാർഹിക സോളാർ പാനലിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി 'ഗ്രിഡിൽ' സ്വീകരിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഓഫീസുകളിലും ഔദ്യോഗിക വസതികളിലും സോളാർ പാനൽ</u>

5124 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെയും, സംസ്ഥാന മന്ത്രിമാരുടെയും ഓഫീസുകളിലും ഔദ്യോഗിക വസതികളിലും ഉൾപ്പെടെ സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനായി എന്തു തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സോളാർ പാനൽ നിർമ്മിച്ച ഏജൻസികളിൽ ഏതെല്ലാം ഏജൻസികൾക്ക് അനർട്ട് അംഗീകാരം ഉണ്ടായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) ഈ സോളാർ പാനൽ നിർമ്മിച്ച ഇനത്തിൽ സർക്കാരിന് സബ്സിഡി ഇനത്തിൽ എത്ര തുക ലാഭം ഉണ്ടായി എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>കെട്ടിടങ്ങൾക്ക് സൗരോർജ്ജ പ്ലാന്റുകൾ</u>

5125 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2500 ചതുരശ്ര അടിക്കുമുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കണം എന്ന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇങ്ങനെ സ്ഥാപിക്കുന്ന സൗരോർജ്ജ പാനലുകൾക്ക് സബ്സിഡി അനുവദിക്കുമോ;

(സി) ഏതെല്ലാം കമ്പനികൾക്കാണ് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുള്ളത്;

(ഡി) ടീം സോളാർ എന്ന കമ്പനി നടത്തിയതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ കണക്കിലെടുത്ത് അനർട്ടിനെ ശക്തിപ്പെടുത്താനും അനർട്ടിലൂടെ മാത്രം പദ്ധതി നടപ്പിലാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

2500 സ്ക്വയർ ഫീറ്റ് അധികം വരുന്ന കെട്ടിടങ്ങൾക്ക് സോളാർ റൂഫ്പാനൽ

5126 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2500 സ്ക്വയർ ഫീറ്റ് അധികം വരുന്ന കെട്ടിടങ്ങൾക്ക് സോളാർ റൂഫ്പാനൽ നിർമ്മിക്കുന്നത് നിർബന്ധമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ ;

(ബി) ഏതെങ്കിലും പഠനത്തിന്റെയോ ആരുടെയെങ്കിലും ശുപാർശയുടെയോ അടിസ്ഥാനത്തിലാണോ ഈ ഉത്തരവ് പുറത്തിറക്കിയതെന്ന് വെളിപ്പെടുത്താമോ ;

(സി) അല്ലെങ്കിൽ ഏതു സാഹചര്യത്തിലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള വഴി പാലക്കാട് സോളാർ പദ്ധതി</u>

5127 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് സോളാർ പദ്ധതി ആരംഭിക്കുന്നതിന് എമർജിംഗ് കേരള വഴി ഏതെങ്കിലും കമ്പനിയുമായി കരാറിലെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കമ്പനിയുമായി ഒപ്പിട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സോളാർ പദ്ധതിക്കായി എത്ര ഏക്കർ ഭൂമി ഏതൊക്കെ വില്ലേജുകളിൽ പ്രസ്തുത കമ്പനി വാങ്ങിക്കൂട്ടിയിട്ടുണ്ട്;

(ഡി) കമ്പനിയുടെ പദ്ധതി നിർദ്ദേശത്തിൻമേൽ അനർട്ടിന്റെ അഭിപ്രായം തേടിയിരുന്നോ; എങ്കിൽ അനർട്ടിന്റെ അഭിപ്രായം എന്തായിരുന്നു എന്നറിയിക്കുമോ;

(ഇ) സോളാർ പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നാണ് കരാറിൽ ഉള്ളത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>ടീം സോളാർ കമ്പനി</u>

5128 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് സൗരോർജ്ജ വ്യാപനത്തിനായി അനർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്താനും സൗരോർജ്ജ പാനൽ നിർമ്മിച്ചു നൽകാം എന്നും കാട്ടി ടീം സോളാർ കമ്പനിയുടെ പ്രോജക്ട് വൈദ്യുതി വകുപ്പിന് നൽകിയിരുന്നുവോ;

(ബി) ഈ പ്രോജക്ട് ഉൾപ്പടെയുള്ള അപേക്ഷ വൈദ്യുതി വകുപ്പിലോ ഏതെങ്കിലും ഏജൻസികളിലോ രജിസ്ട്രർ ചെയ്ത് ഫയലുകൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എവിടെയൊക്കെ ഏതെല്ലാം നമ്പറുകളിൽ ഫയലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ എല്ലാ ഫയലുകളുടെയും കുറിപ്പ് ഫയൽ ഉൾപ്പെടെയുള്ള പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ചീമേനി താപ വൈദ്യുതി നിലയം</u>

5129 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനി താപ വൈദ്യുതി നിലയവുമായി ബന്ധപ്പെട്ട പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഈ നിലയത്തിന്റെ സ്ഥാപിത ശേഷി എത്രയാണെന്നും ഈ നിലയം എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>പെരുന്തേനരുവി വൈദ്യുത പദ്ധതി</u>

5130 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ.കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി വൈദ്യുത പദ്ധതിയുടെ ടെണ്ടർ നടപടികൾ എപ്പോഴാണ് നടന്നിരുന്നത് ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ കമ്മീഷൻ ചെയ്ത സബ്സ്റ്റേഷനുകളുടെ വിശദവിവരം</u>

5131 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര 110 കെ.വി സബ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു; അതിൽ പാലക്കാട് ജില്ലയിൽ എത്രയെണ്ണം; എവിടെയെല്ലാം; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര 33 കെ.വി. സബ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു; അതിൽ പാലക്കാട് ജില്ലയിൽപ്പെട്ട എത്ര എണ്ണം; എവിടെയെല്ലാമാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മാവേലിക്കരയിൽ സെക്ഷൻ ആഫീസ്</u>

5132 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുളള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; അടിയന്തിരമായി സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ;

(ബി) വളളിക്കുന്നം സബ് സ്റ്റേഷന്റെ ഉദ്ഘാടനം നടത്താത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; അടിയന്തിരമായി ഉദ്ഘാടനചടങ്ങ് നടത്തുന്നതിനുളള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>വൈദ്യുതി ബോർഡിൽ ജോലിക്കിടെ മരണപ്പെട്ടവരുടെ വിവരം</u>

5133

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി ബോർഡിൽ വിവിധ തൊഴിലുകളിൽ ഏർപ്പെടുമ്പോൾ ഷോക്കേറ്റും മറ്റ് കാരണങ്ങളാലും മരണപ്പെട്ടവർ എത്ര; ചികിൽസ തേടിയവരും ചികിൽസയിൽ തുടരുന്നവരും എത്ര;

(ബി) ഇതിൽ കെ.എസ്. ഇ. ബി. ഉദ്യോഗസ്ഥർ എത്ര; അവർ ആരെല്ലാം; കെ. എസ്. ഇ. ബി. നിയോഗിച്ച കരാർ തൊഴിലാളികൾ എത്ര; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(സി) ഇവർക്ക് കെ. എസ്. ഇ. ബി. എന്ത് സഹായങ്ങളാണ് നൽകിയത്; ചികിൽസവേ വർക്ക് ചികിൽസാ സഹായം നൽകുന്നുേ ാ; വിശദമാക്കുമോ;

(ഡി) അപകടങ്ങളെക്കുറിച്ച് കെ. എസ്. ഇ. ബി. ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും വോൾട്ടേജ് ഡിറ്റക്ടറും നൽകുന്നതുപോലെ കരാർ തൊഴിലാളികൾക്കും നൽകുന്നുേ ാ; വ്യക്തമാക്കുമോ;

(ഇ) ഇവ നൽകാത്തതും പ്രവൃത്തികൾക്ക് ഇൻസ്പെക്ഷൻ നടത്തേ ഉദ്യോഗസ്ഥർ സ്ഥലത്തില്ലാത്തതും അവരുടെ അനാസ്ഥയുമാണ് കരാർ തൊഴിലാളികളുടെ അപകടമരണങ്ങൾക്ക് കാരണമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുേ ാ;

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

(എഫ്) ഈ സർക്കാർ വന്നതിനുശേഷം ഉത്തരത്തിലുള്ള അനാസ്ഥ കാട്ടിയതിന് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(ജി) ഇത്തരത്തിൽ മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ കുടുംബത്തിലെ ആശ്രിതരായ ഒരാൾക്ക് കെ.എസ്. ഇ. ബി. യിൽ സ്ഥിരം നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ലൈനുകൾ പൊട്ടിവീണും വകുപ്പിന്റെ അനാസ്ഥമൂലവും മരണപ്പെട്ടവരുടെ വിവരം</u>

5134 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ലൈനുകൾ പൊട്ടിവീണും വകുപ്പിന്റെ അനാസ്ഥമൂലവും അപകടമരണത്തിനിരയായവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ മരണപ്പെടാൻ കാരണക്കാരായ എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്; അവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കി;

(ഡി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരായ ഒരാൾക്ക് വീതമെങ്കിലും വൈദ്യുതി ബോർഡിൽ തൊഴിൽ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരത്തിൽ വൈദ്യുതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപകടം നാട്ടുകാർ റിപ്പോർട്ട് ചെയ്താൽ ഉടൻ നടപടിക്കായി എത്താത്തതും ടെലിഫോൺ കോൾ പോലും വൈദ്യുതി സെക്ഷനുകളിൽ സ്വീകരിക്കാത്തതും സംബന്ധിച്ച് വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ആയതിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>അരൂര്‍ മണ്ഡലത്തിലെ കോളനികളിലെ അപകടകരമായ നിലയിലുള്ള വൈദ്യുതി ലൈനുകള്‍</u>

5135 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ മണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാരും മറ്റ് പിന്നോക്ക വിഭാഗങ്ങളും തിങ്ങിപ്പാര്‍ക്കുന്ന കോളനികളിലും വൈദ്യുതി ലൈനുകള്‍ അപകടകരമായ രീതിയില്‍ കടന്നുപോകുന്നതും അവര്‍ക്ക് അവിടെ ഗൃഹനിര്‍മ്മാണം നടത്തുന്നതിനോ വീടുകള്‍ പുതുക്കിപണിയുന്നതിനോ സാധ്യമല്ലാത്ത രീതിയില്‍ വൈദ്യുതി ലൈനുകള്‍ സ്ഥിതിചെയ്യുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടു േ ാ;

(ബി) അപകടങ്ങള്‍ ഒഴിവാക്കുന്നതിനും സുരക്ഷയെ മുന്‍നിര്‍ത്തി, പട്ടികജാതി-പട്ടികവര്‍ഗക്ഷേമ വകുപ്പില്‍ നിന്നുള്ള ഫ ുപയോഗിച്ച് ഈ ലൈനുകള്‍ അനുയോജ്യമായ രീതിയില്‍ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സൗജന്യമായി വൈദ്യുതി കണക്ഷൻ ലഭിക്കാൻ അർഹതയുള്ള വിഭാഗങ്ങൾ</u>

5136 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ച് കാത്തിരിക്കുന്നവർ എത്രയാണെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) സാധാരണ നിലയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തു കാലതാമസമാണ് ഇപ്പോഴുള്ളതെന്ന് അറിയിക്കുമോ;

(സി) എന്തുകൊ ാണ് കാലതാമസം നേരിടുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അപേക്ഷിച്ചാലുടൻ സൗജന്യമായി വൈദ്യുതി കണക്ഷൻ ലഭിക്കാൻ അർഹതയുള്ള വിഭാഗങ്ങൾ ഏതൊക്കെയാണെന്നറിയിക്കുമോ?

**കേരള നിയമസഭ**
**2.07.2013–ലെ മറുപടിക്ക്**

<u>ശയ്യാവലംബികളായ രോഗികൾക്ക് സൗജന്യ വൈദ്യുതി</u>

5137 ശ്രീ. സണ്ണി ജോസഫ്
'' പാലോട് രവി
'' ഹൈബി ഈഡൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശയ്യാവലംബികളായ രോഗികൾക്ക് വീടുകളിൽ ജീവൻരക്ഷാ സംവിധാനം ഉപയോഗിക്കുന്നതിനുള്ള വൈദ്യുതി സൗജന്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി വരെ ഉപയോഗിക്കുന്നതിനാണ് ഈ സൗകര്യം ലഭ്യമായിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) നിശ്ചിത യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും വൈദ്യുതി ചാർജ് എങ്ങനെയാണ് ഈടാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ ഗാർഹിക കണക്ഷനുകൾ</u>

5138

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ 1 മുതൽ 2013 മെയ് 1 വരെ നമ്മുടെ സംസ്ഥാനത്ത് വ്യത്യസ്ത പദ്ധതികളിലൂടെ ആകെ ഉത്പാദിപ്പിച്ച വൈദ്യുതി എത്രയാണ്; നിലവിലെ ആകെ ഉപയോഗം എത്രയാണ്;

(ബി) 10 വർഷത്തിനു ശേഷം ആകെ എത്ര വൈദ്യുതിയുടെ ഉപയോഗം സംസ്ഥാനത്തു ാകും; ഇതിനെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടു ോ; 2023 ലേയ്ക്കാവശ്യമായ വൈദ്യുതി എങ്ങനെ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് നടത്തിവരുന്നത്;

(സി) മാവേലിക്കര മണ്ഡലത്തിൽ ആകെ എത്ര ഗാർഹിക കണക്ഷനുകൾക്ക് അപേക്ഷ ലഭിച്ചിട്ടു ്; ഇവർക്ക് എന്ന് കണക്ഷനുകൾ കൊടുത്തുതീർക്കാൻ കഴിയും; പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

**<u>ആർ.ജി.ജി.വി. പദ്ധതി പ്രകാരം കൊയിലാ ി നിയോജക മണ്ഡലത്തിലെ അപേക്ഷകർക്ക് കണക്ഷൻ</u>**

5139 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി. പദ്ധതി പ്രകാരം അപേക്ഷിച്ച കൊയിലാ ി നിയോജക മണ്ഡലത്തിലെ എത്ര പേർക്ക് കണക്ഷൻ നൽകാനു ് എന്ന് വ്യക്തമാക്കാമോ;

(ബി) കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ പേരും മേൽവിലാസവും സെക്ഷൻ ഓഫീസ് തിരിച്ച് വിശദമാക്കുമോ; ഓരോ അപേക്ഷകന്റെയും കാര്യത്തിൽ കണക്ഷൻ നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം എന്നത് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ആപേക്ഷിച്ചിട്ട് കണക്ഷൻ ലഭിച്ചിട്ടില്ലാത്ത അപേക്ഷകർക്ക് കണക്ഷൻ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

## ചാലിയാർ, വെ  ക്കംപൊയിൽ പ്രദേശത്ത് വൈദ്യുതി കണക്ഷൻ

5140 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലിയാർ, വെ  ക്കംപൊയിൽ നിവാസികൾ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേ  ി സമർപ്പിച്ച അപേക്ഷ ലഭിച്ചിരുന്നോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ഇവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തടസ്സം എന്താണെന്നും ഇല്ലെങ്കിൽ എപ്പോൾ കണക്ഷൻ നൽകാനാകുമെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കാലടി പ്ലാന്റേഷനിൽ വൈദ്യുത പ്രശ്നം പരിഹരിക്കുവാൻ നടപടി</u>

5141 ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി പ്ലാന്റേഷനിൽ തൊഴിലാളി കുടുംബങ്ങളുടെ കോർട്ടേഴ്സുകളിലെ വൈദ്യുതി മുടക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായ ഈ മേഖലയിൽ വൈദ്യുത പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

## <u>വൈക്കം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം</u>

5142

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുവാൻ എത്ര പുതിയ കണക്ഷനുകൾ നൽകേ ിവരുമെന്ന് കണക്കാക്കിയിട്ടു േ ാ;

(ബി) നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതികരണത്തിനായി എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്;

(സി) വൈദ്യുതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലു േ ാ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>തൃക്കൈപ്പറ്റ വെങ്ങച്ചോല കോളനിയിൽ വൈദ്യുതി
എത്തിക്കുന്നതിന് നടപടികൾ</u>

5143 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തൃക്കൈപ്പറ്റ വെങ്ങച്ചോല കോളനിയിൽ വൈദ്യുതി ലഭിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുേ ാ;

(ബി) ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇവിടെ വൈദ്യുതി എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുെ ന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

**<u>മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന</u>**
**<u>വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>**

5144 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ ഏതെല്ലാമാണ്;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) ഓരോന്നിനും എന്തു തുക ചെലവഴിച്ചെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വൈദ്യുത ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത</u>

5145

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ സബ് സ്റ്റേഷനുകളിൽ വൈദ്യുതി ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്തുന്നതിന് ബോർഡിന്റെ സാങ്കേതിക വിഭാഗങ്ങളായ റിലേ, 'പെറ്റ്' (പവർ എക്യുപ്മെന്റ് ടെസ്റ്റിംഗ്) എന്നീ യൂണുറ്റുകളും ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിലെ ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുളളിൽ നടത്തിയ പരിശോധനാ നിർദ്ദേശങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(സി) സബ് സ്റ്റേഷനുകളിൽ ട്രാൻസ്ഫോമറുകൾ സർക്യൂട്ട് ബ്രേക്കറുകൾ അനുബന്ധ സാമഗ്രികൾ എന്നിവയുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിൽ വീഴ്ചകളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സബ് സ്റ്റേഷൻ കത്തിയതും, ട്രാൻസ്ഫോമറുകൾ പൊട്ടിത്തെറിക്കുന്നതും യഥാസമയം ഇത്തരം പരിശോധനാ നിർദ്ദേശങ്ങൾ അവഗണിക്കുന്നത് കൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) യഥാസമയം പരിശോധനകൾ നടത്തി ആവശ്യമായ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

കെ. എസ്. ഇ. ബി. പുതിയ ഡിവിഷൻ ഓഫീസ്

5146

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും സ്ഥലത്ത് കെ. എസ്. ഇ. ബി. പുതിയ ഡിവിഷൻ ഓഫീസ് സ്ഥാപിക്കാൻ നടപടി എടുത്തിട്ടു േ ാ;

(ബി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഡിവിഷൻ ഓഫീസ് വിഭജിച്ച് കൊടുവള്ളി ആസ്ഥാനമായി പുതിയ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.07.2013–ലെ മറുപടിക്ക്

## കെ.എസ്.ഇ.ബി. ചേര്‍ത്തല ഡിവിഷന്‍ ഓഫീസ് വിഭജിക്കുന്നതിന് നടപടി

5147 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡിന്റെ ചേര്‍ത്തല ഡിവിഷന്‍ ഓഫീസിനു കീഴില്‍ ഇപ്പോള്‍ എത്ര സബ് ഡിവിഷന്‍ ഓഫീസുകളും സെക്ഷന്‍ ഓഫീസുകളുമു ്; ഈ ഡിവിഷനു കീഴില്‍ ആകെയുള്ള ഉപഭോക്താക്കള്‍ എത്ര; ഇതില്‍ ഹൈടെന്‍ഷന്‍ ഉപഭോക്താക്കള്‍ എത്രയെണ്ണമു ്; ഈ ഉപഭോക്താക്കളില്‍ നിന്നെല്ലാം കൂടി വൈദ്യുതി ബോര്‍ഡിന് ലഭിക്കുന്ന ശരാശരി പ്രതിമാസ വരുമാനം എത്രയാണ്;

(ബി) ഉപഭോക്താക്കളുടെ ബാഹുല്യം മൂലം ചേര്‍ത്തല ഡിവിഷന്‍ ഓഫീസ് ഇപ്പോള്‍ നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും ശ്രദ്ധയില്‍പ്പെട്ടിട്ടു ോ; ഉ ങ്കില്‍ അവ പരിഹരിക്കുന്നതിനുള്ള എന്ത് നടപടികളാണ് ബോര്‍ഡ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത്;

(സി) ഉപഭോക്താക്കളുടെ എണ്ണക്കൂടുതല്‍ മൂലം അരൂര്‍, കുത്തിയതോട്, പട്ടണക്കാട് എന്നീ സെക്ഷന്‍ ഓഫീസുകളില്‍ നിന്നും സേവനങ്ങള്‍ ലഭിക്കുന്നതിന് നേരിടുന്ന പ്രയാസങ്ങളും കാലതാമസവും ശ്രദ്ധയില്‍പ്പെട്ടിട്ടു ോ; ഈ സെക്ഷനുകള്‍ വിഭജിച്ച് പുതിയ സെക്ഷന്‍ ഓഫീസുകള്‍ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ ഏതു ഘട്ടത്തിലാണ്;

(ഡി) വൈദ്യുതി ബോര്‍ഡിന് കുത്തിയതോട്ടില്‍ സ്വന്തമായുള്ള സ്ഥലത്ത് പുതിയ ഓഫീസ് സമുച്ചയം നിര്‍മ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടു ോ; പുതിയ

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ഡിവിഷൻ ഓഫീസും സബ് ഡിവിഷൻ ഓഫീസും ഉൾപ്പെടുന്ന രീതിയിലാണോ കെട്ടിടം വിഭാവന ചെയ്തിട്ടുള്ളത്; ഈ കെട്ടിടത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഇ) എരമല്ലൂർ കുടപുറത്ത് വൈദ്യുതി ബോർഡിന്റെ ഒരു പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(എഫ്) വൈദ്യുതി ബോർഡിന്റെ ആഭിമുഖ്യത്തിൽ ചേർത്തല പളളിപ്പുറം കേന്ദ്രമാക്കി ഒരു സോളാർ പവർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും സാധ്യതാ പഠനങ്ങൾ നടത്തിയിട്ടു േ ാ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>കട്ടിപ്പാറ, കിഴക്കോത്ത് പഞ്ചായത്തുകളിൽ സെക്ഷൻ ഓഫീസുകൾ</u>

5148 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽപെട്ട കട്ടിപ്പാറ, കിഴക്കോത്ത് പഞ്ചായത്തുകളിൽ ഇലക്ട്രിസിറ്റി ബോർഡ് സെക്ഷൻ ഓഫീസുകൾ ഇല്ലാത്തത് മൂലം ഗുണഭോക്താക്കൾക്കു ാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടു േ ാ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>നഗരൂർ കെ.എസ്.ഇ.ബി. സെക്ഷൻ പ്രവർത്തനം</u>

5149 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നഗരൂർ സെക്ഷൻ ഓഫീസിൽ മാസങ്ങളായി അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലായെന്നതും ഓവർസീയർമാരുടെയും ലൈൻമാൻമാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുേ ാ ;

(ബി) ഈ തസ്തികകളിലേക്ക് നിയമനം നടത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) നഗരൂർ സെക്ഷന് കീഴിൽ നിരന്തരം വൈദ്യുതി തടസ്സപ്പെടുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുെ ന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>ഹൈഡൽ ടൂറിസത്തിൽ നടത്തിയ നിയമനങ്ങൾ</u>

5150 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹൈഡൽ ടൂറിസത്തിൽ എത്ര പേരെ നിയമിച്ചിട്ടു ്; വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർ എന്തു ജോലിയാണ് ചെയ്തുവരുന്നത്;

(സി) ഇതുവരെ ഇവരെക്കൊ ് സർക്കാരിന് ഉ ായ നേട്ടങ്ങളും നഷ്ടങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഹൈഡൽ ടൂറിസത്തിൽ നിലവിൽ ഡയറക്ടർ ഉ ോ;

(ഇ) ഡി.ഡി.സി. ആവശ്യപ്പെട്ടിട്ടും ഇതുവരെ ഡി.ഡി.സി.യിൽ ഹാജരായിട്ടു ോ;

(എഫ്) ഡയറക്ടറായി തുടരാനുള്ള യോഗ്യത പ്രസ്തുത വ്യക്തിക്ക് ഉ ോ;

(ജി) നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥർ ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിൽ ഇപ്പോഴും ഉ ോ;

(എച്ച്) നിലവിൽ ഡയറക്ടർ ചാർജ്ജുള്ള ഉദ്യോഗസ്ഥന് നിയമനം നടത്താൻ അധികാരമു ോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വടക്കഞ്ചേരി ഫയർ സ്റ്റേഷന് ഭൂമി നൽകാൻ നടപടി</u>

5151 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. വടക്കഞ്ചേരി സബ് സ്റ്റേഷൻ കോമ്പൗ ിൽ നിന്നും നിർദ്ദിഷ്ട വടക്കഞ്ചേരി ഫയർ സ്റ്റേഷന് വഴി സൗകര്യത്തിന് ഭൂമി വിട്ടുനൽകണമെന്ന ആവശ്യം കെ.എസ്.ഇ.ബി.ക്ക് ലഭിച്ചിട്ടു ോ;

(ബി) ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി. അനുകൂലതീരുമാനം എടുത്തിട്ടു ോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഇക്കാര്യത്തിൽ അനുകൂലതീരുമാനം സ്വീകരിക്കുമോ?

**കേരള നിയമസഭ**
**2.07.2013–ലെ മറുപടിക്ക്**

<u>കരാര്‍ തൊഴിലാളികള്‍ക്ക് പരിഷ്ക്കരിച്ച വേതനം</u>

5153 ശ്രീ.എ.കെ.ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഇ.ബി.യില്‍ നിലവില്‍ എത്ര കരാര്‍ തൊഴിലാളികളാണ് ഉള്ളത്; ഈ സര്‍ക്കാര്‍ വന്നതിന് ശേഷം എത്ര പേരെ പുതുതായി നിയമിച്ചിട്ടു ്;

(ബി) പ്രസ്തുത ജീവനക്കാര്‍ക്ക് യഥാസമയം വേതനം നല്‍കുന്നു േ ാ; ഇല്ലെങ്കില്‍ എത്ര മാസത്തെ വേതനമാണ് ഇപ്പോള്‍ കുടിശ്ശികയായിട്ടുള്ളത്; ഇവരുടെ വേതന കുടിശ്ശിക എന്നത്തേക്ക് തീര്‍ക്കാന്‍ കഴിയുമെന്നാണ് ബോര്‍ഡ് പ്രതീക്ഷിക്കുന്നത്;

(സി) എത്ര കരാര്‍ തൊഴിലാളികള്‍ ഈ സര്‍ക്കാര്‍ വന്നതിന് ശേഷം ജോലിക്കിടെ മരണപ്പെട്ടിട്ടു ്; ഇവര്‍ക്ക് നഷ്ട പരിഹാരം നല്‍കിയിട്ടു േ ാ; ഉ െ ങ്കില്‍ ആയതിന്റെ വിശദാംശം നല്‍കുമോ;

(ഡി) ഈ സര്‍ക്കാര്‍ വന്നതിന് ശേഷം എത്ര കരാര്‍ തൊഴിലാളികളെ പിരിച്ചു വിട്ടിട്ടു ്;

(ഇ) മുഴുവന്‍ കരാര്‍ തൊഴിലാളികള്‍ക്കും പരിഷ്ക്കരിച്ച ലേബര്‍ ഡാറ്റ പ്രകാരം വേതനം നല്‍കുന്നു േ ാ; ഇല്ലെങ്കില്‍ ഇപ്രകാരം നല്‍കാന്‍ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>കെ.എസ്.ഇ.ബി. യിൽ സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ</u>

5154 ശ്രീ.വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ ഉ ്; ഉദ്യോഗക്കയറ്റം വഴിയുള്ള ഒഴിവുകൾ ആനുപാതികമായി എത്ര വീതമാണ്;

(ബി) 20% ഐ.റ്റി.ഐ. ക്വാട്ട പ്രകാരം സിവിൽ സബ് എഞ്ചിനീയർമാരിൽ നിന്നും സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരിലേക്കുള്ള ഉദ്യോഗകയറ്റത്തിന് നിലവിലുള്ള ഒഴിവുകൾ എത്രയാണ്; ഉദ്യോഗകയറ്റം നൽകാൻ എന്തെങ്കിലും തടസ്സം നിലവിലു ോ;

(സി) താൽക്കാലിക നിയമനം വഴി സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം നടത്താറു ോ; എങ്കിൽ എത്ര എണ്ണം നടത്തി എന്ന് അറിയിക്കുമോ;

(ഡി) സിവിൽ സബ് എഞ്ചിനീയറിൽ നിന്നും സിവിൽ അസിസ്റ്റന്റ് എഞ്ചിനീയറിലേക്ക് (ഐ.റ്റി.ഐ. ക്വാട്ട പ്രകാരം) ഉദ്യോഗകയറ്റത്തിന് തടസ്സമായ 1969-ലെ ബോർഡ് ഉത്തരവ് കേരളാ സബോർഡിനേറ്റ് സർവ്വീസ് എഞ്ചിനീയറിങ് ചട്ടത്തിൽ ഇല്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് നീക്കം ചെയ്യണമെന്ന ബോർഡിന്റെ ആവശ്യപ്രകാരം കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഭേദഗതിക്ക് അനുമതി നൽകിയത് നിലവിൽ വരുത്തിയിട്ടു ോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>റെയിൽവേ വികസനത്തിനായുള്ള പദ്ധതി നിർദ്ദേശങ്ങൾ</u>

5155 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റെയിൽവേ വികസനത്തിനായി എന്തൊക്കെ പദ്ധതി നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിനും റെയിൽവേ മന്ത്രാലയത്തിനും സമർപ്പിച്ചിട്ടുള്ളത്; അതിന്മേൽ റെയിൽവേയുടെ മറുപടി എന്താണ്;

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ള പല റെയിൽവേ വികസന പദ്ധതികളും, നടപ്പാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണ്;

(സി) റെയിൽവേ പ്രഖ്യാപിച്ചിട്ടുള്ള പല പദ്ധതികളും തമിഴ്നാട്ടിലേക്ക് മാറ്റികൊണ്ടുപോകാൻ നീക്കം നടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>കേരളത്തിന്റെ റെയിൽവേ ബജറ്റ് വിഹിതം</u>

5156 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ റെയിൽവേ ബജറ്റിൽ കേരളത്തിന് ഏതെല്ലാം കാര്യങ്ങൾക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിരുന്നതെന്ന് അറിയാമോ;

(ബി) ആദ്യം പ്രഖ്യാപിച്ചതിൽനിന്നും കൂടുതലായി പിന്നീട് എത്ര കോടി രൂപയുടെ ഏതെല്ലാം ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് അറിയാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>റെയിൽവേയിൽ ആവശ്യത്തിന് കോച്ചുകൾ</u>

5157

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽ സർവ്വീസ് നടത്തുന്നതിന് എത്ര കോച്ചുകളാണ് ആവശ്യമുള്ളതെന്ന് അറിയാമോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര കോച്ചുകൾ ലഭ്യമാണ് എന്ന് വ്യക്തമാക്കുമോ;

(സി) കോച്ചുകളുടെ അറ്റകുറ്റപ്പണിക്ക് വേണ്ടി പകരം നൽകുവാൻ കോച്ചുകളില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മതിയായ കോച്ചുകളുടെ ലഭ്യത ഉറപ്പ് വരുത്തുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>രാജധാനി എക്സ്പ്രസ്സിന് കാസർഗോഡ് ജില്ലയിൽ സ്റ്റോപ്പ്</u>

5158 ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ റെയിൽവേ സ്റ്റേഷനുകളിൽ സ്റ്റോപ്പില്ലാത്ത എത്ര യാത്ര ട്രെയിനുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) രാജധാനി എക്സ്പ്രസ്സിന് കാസർഗോഡ് ജില്ലയിൽ സ്റ്റോപ്പ് ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ രാജധാനിക്ക് കാസർഗോഡ് ജില്ലയിൽ ഒരു സ്റ്റോപ്പ് എന്നത് യാഥാർത്ഥ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>റെയിൽവേ നോഡൽ ഓഫീസ്</u>

5159 ശ്രീ. പി. സി. ജോർജ്
ഡോ: എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗിനായി റെയിൽവേ നോഡൽ ഓഫീസ് ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആവശ്യം സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് അനുവദിക്കുന്ന റെയിൽവേ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഇത്തരത്തിൽ ഒരു ഓഫീസ് ആരംഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. ലാഭകരമാക്കുന്നതിന് പദ്ധതി</u>

5160 ശ്രീ. ജി. സുധാകരൻ
,, എളമരം കരീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ലാഭകരമാക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു എന്നും അവയിൽ ഏതെല്ലാം പദ്ധതികൾ കഴിഞ്ഞ രണ്ടു വർഷത്തിനകം നടപ്പിലാക്കിയെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാന ബജറ്റിൽ കെ.എസ്.ആർ.ടി.സി.ക്കായി പ്രഖ്യാപിച്ചത് എത്ര കോടിയുടെ പാക്കേജായിരുന്നു;

(സി) ഇത് ഏതെല്ലാം ആവശ്യങ്ങൾക്കായി ആണ് അനുവദിച്ചതെന്നും അവയിൽ എന്ത് തുക കെ.എസ്.ആർ.ടി.സി. ക്കായി ലഭ്യമാക്കിയെന്നും വിശദമാക്കുമോ;

(ഡി) പൊതുമേഖലാ എണ്ണ കമ്പനികൾ ഡീസൽ വില വർദ്ധിപ്പിച്ചതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ ബാദ്ധ്യത ഇല്ലാതാക്കുന്നതിന് നിലവിലുളള കേസ്സിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കേസ്സിന്റെ നടത്തിപ്പിനായി സുപ്രീംകോടതിയിലെ പ്രഗത്ഭരായ അഭിഭാഷകരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

കെ.എസ്.ആർ.ടി.സിയിൽ ജനറൽ പാക്കറ്റ് റേഡിയോ സർവ്വീസ്

5161 ശ്രീ. ആർ. സെൽവരാജ്
'' എം. എ.വാഹീദ്
'' പി.സി. വിഷ്ണുനാഥ്
'' ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ ജനറൽ പാക്കറ്റ് റേഡിയോ സർവ്വീസ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ബസ്സുകളെ നിയന്ത്രിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ഡീസലിന്റെ വില വര്‍ദ്ധിപ്പിച്ചതിനു ശേഷം കെ.എസ്.ആര്‍.ടി.സി.ക്ക് ഉണ്ടാകുന്ന നഷ്ടം

5162 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഡീസലിന്റെ വില വര്‍ദ്ധിപ്പിച്ചതിനുശേഷം കെ.എസ്. ആര്‍.ടി.സി. ക്കു പ്രതിദിനം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടാകുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; നഷ്ടം നികത്തുന്നതിന് എന്തെങ്കിലും പദ്ധതികള്‍ തയ്യാറാക്കിയിട്ടുണ്ടോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പൊതുപെർമിറ്റ്

5163

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യ്ക്ക് അന്തർസംസ്ഥാന സർവ്വീസുകളിലൂടെ പ്രതിമാസം ലഭിക്കുന്ന വരുമാനം എത്രയാണ്; വിശദാംശം നൽകുമോ;

(ബി) 2013 ഏപ്രിൽ, മെയ് മാസങ്ങളിൽ റദ്ദ് ചെയ്യപ്പെട്ട ട്രിപ്പുകളുടെ വിശദാംശം നൽകുമോ;

(സി) സർവ്വീസുകൾ റദ്ദ് ചെയ്യാതിരിക്കാൻ ബസ്സുകൾക്ക് പൊതുപെർമിറ്റ് എടുക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>വികലാംഗർക്ക് കെ.എസ്.ആർ.ടി.സി യിൽ നിന്നും ലഭിക്കുന്ന യാത്രാനുകൂല്യങ്ങൾ</u>

5164 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് കെ.എസ്.ആർ.ടി.സി.യിൽ നിന്നും ലഭിക്കുന്ന യാത്രാനുകൂല്യങ്ങൾ എന്തെല്ലാം; ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) മറ്റേതെല്ലാം വിഭാഗങ്ങൾക്കാണ് കെ.എസ്.ആർ.ടി.സി യുടെ പ്രസ്തുത യാത്രാനുകൂല്യങ്ങൾ നൽകിവരുന്നത്;

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്രാ സൗജന്യം</u>

5165 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. മുരളീധരൻ
'' റ്റി.എൻ. പ്രതാപൻ
'' വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് രോഗികൾക്ക് ഇതുമൂലം ലഭിക്കുന്നത്; വിവരിക്കുമോ;

(സി) കോർപ്പറേഷന്റെ ഏതെല്ലാം ബസ്സുകളിലാണ് പ്രസ്തുത സൗജന്യം ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) രോഗികൾക്ക് സ്ഥിരമായി യാത്രാ പാസ്സ് നൽകുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>പുതിയ ബസ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

5166 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം കണ്ണൂർ, കാസർഗോഡ്, പയ്യന്നൂർ ഡിപ്പോകളിലേക്ക് എത്ര പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും പുതിയ ബസ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകൾ</u>

5167 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും എത്ര ബസ്സുകൾ വീതം ഏതൊക്കെ കമ്പനിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) വാങ്ങിയ ബസ്സുകളിൽ എത്രയെണ്ണം എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നിവയായി തരം തിരിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഡിപ്പോകളിലേക്ക് ഏതെല്ലാം ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾ അനുവദിയ്ക്കാനുള്ള മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബസ്സുകൾ വാങ്ങുന്നതിന് എത്ര രൂപ കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ബാംഗ്ലൂർക്ക് അന്തർസംസ്ഥാന ബസ്</u>

5168 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന പെർമിറ്റുള്ള ബസ്സുകളുടെ കുറവു കാരണം കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകൾ പലതും മുടങ്ങുന്നതു മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കണ്ണൂർ, പയ്യന്നൂർ ഡിപ്പോകളിൽ നിന്ന് ബാംഗ്ലൂർക്ക് എത്ര അന്തർ സംസ്ഥാന ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) പ്രസ്തുത റൂട്ടിലൂടെ കൂടുതൽ ബസ് കാര്യക്ഷമമായി സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മുംബൈ, ഡൽഹി നഗരങ്ങളിലേക്കുള്ള ട്രെയിൻ സർവ്വീസുകൾ</u>

5169 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് മുംബൈ, ഡൽഹി ഉൾപ്പെടെ നഗരങ്ങളിലേക്കുള്ള ട്രെയിൻ സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ ഭാഗങ്ങളിലേക്കുള്ള പ്രതിവാര ട്രെയിനുകൾ ആഴ്ചയിൽ രണ്ട് തവണ സർവ്വീസ് നടത്തുന്നതിനും കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) ജില്ലാ ആസ്ഥാനമായ കാസർഗോഡ് രാജധാനി എക്സ്പ്രസ്സിന് സ്റ്റോപ്പ് ഇല്ലാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കാസർഗോഡ് സ്റ്റോപ്പ് അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേയോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മാവേലിക്കര - ബാംഗ്ലൂർ സൂപ്പർ ഫാസ്റ്റ്</u>

5170 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ നിന്നും ബാംഗ്ലൂരിലേയ്ക്ക് സൂപ്പർഫാസ്റ്റ് ബസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുതു ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കുമോ?

(ബി) മാവേലിക്കര ഡിപ്പോയിൽ നിന്നും നിർത്തിവച്ചിരിക്കുന്ന പ്രാദേശിക സർവ്വീസുകൾ ഏതൊക്കെ; പ്രസ്തുത സർവ്വീസുകൾ നിർത്തിവയ്ക്കാനിടയായ സാഹചര്യമെന്താണ്; പ്രസ്തുത സർവ്വീസുകൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ഭാഗത്തേയ്ക്ക് സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി.സി ബസ്സുകൾ</u>

5171 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം പാലം തുറന്നതിനുശേഷം ആ ഭാഗത്തുനിന്ന് കോഴിക്കോടു ഭാഗത്തേയ്ക്ക് എത്ര കെ.എസ്.ആർ. ടി.സി ബസ്സുകൾ സർവ്വീസ് നടത്തുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് യൂണിവേഴ്സിറ്റി വഴിയും കോട്ടക്കടവ്, തയ്യിലക്കടവ്, കടലുണ്ടിക്കടവ് എന്നീ വഴികളിലൂടെയും കോഴിക്കോട്ടേക്ക് സർവ്വീസ് നടത്തിവരുന്ന കെ. എസ്. ആർ. ടി.സി ബസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വഴികളിലൂടെ കൂടുതൽ കെ.എസ്.ആർ. ടി.സി ബസ്സുകൾ ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

കോഴിക്കോട് - അടിവാരം റൂട്ടിൽ ലോ ഫ്ളോർ ബസ്സ് സർവ്വീസ്

5172 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലോഫ്ളോർ ബസ്സുകൾ ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിലാണ് സർവ്വീസ് നടത്തുന്നത് ;

(ബി) എൻ.എച്ച്. 212-ൽ കോഴിക്കോട്-അടിവാരം റൂട്ടിൽ ലോ ഫ്ളോർ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>തൊട്ടിൽപാലം - കോഴിക്കോട് ചെയിൻ സർവ്വീസ്</u>

5173 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപാലം - കോഴിക്കോട് ചെയിൻ സർവ്വീസ് കാര്യക്ഷമമായി നടക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ചെയിൻ സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ - ബാംഗ്ലൂർ ബസുകൾക്ക് ഓൺലൈൻ റിസർവേഷൻ</u>

5174 ശ്രീ.സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി പയ്യന്നൂർ - ബാംഗ്ലൂർ ബസുകൾക്ക് ഓൺലൈൻ റിസർവേഷൻ സൗകര്യം ഇല്ലാത്തതിനാൽ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

പയ്യന്നൂർ - പഴയങ്ങാടി-കണ്ണൂർ റൂട്ടിൽ
കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

5175 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ - പഴയങ്ങാടി - കണ്ണൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. എത്ര സർവ്വീസ് നടത്തുന്നുണ്ട്;

(ബി) പ്രസ്തുത റൂട്ടിൽ ബസ് സർവ്വീസ് ഇടയ്ക്കിടെ റദ്ദാക്കുന്നതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർവ്വീസുകൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; ഇതുവഴി കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ നിന്നും പുതിയ ബസ് സർവ്വീസുകൾ</u>

5176 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ നിന്നും തേക്കടി, മൂന്നാർ, കുമളി എന്നീ സ്ഥലങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

കരുനാഗപ്പള്ളിയ്ക്കുള്ള ബസ്സ് സർവ്വീസ് പുനരാരംഭിക്കാനുള്ള നടപടി

5177 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 ൽ കെ. എസ്. ആർ. ടി. സി. എത്ര സർവ്വീസുകൾ പുതുതായി ആരംഭിച്ചു; പ്രസ്തുത കാലയളവിൽ എത്ര ഷെഡ്യൂളുകൾ ആരംഭിച്ചു; പ്രസ്തുത കാലയളവിൽ പിൻവലിച്ച സർവ്വീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര – കറ്റാനം – ചൂനാടുവഴി കരുനാഗപ്പളളിയ്ക്കുളള ബസ് സർവ്വീസ് പുനരാരംഭിക്കാനുളള നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കര ഡിപ്പോയിലെ റദ്ദ് ചെയ്യപ്പെട്ട സർവ്വീസുകൾ ഏതൊക്കെയാണ്; ഈ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) മാവേലിക്കരയിൽ നിന്നും വാരോണിക്കൽ വഴിയുളള കരുനാഗപ്പള്ളി സർവ്വീസ് അടിയന്തിരമായി പുനരാരംഭിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വിഴിഞ്ഞം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ</u>

5178 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുളളത്;

(ബി) പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് എത്ര ബസ്സുകൾ വേണമെന്നാണ് കണക്കാക്കപ്പെട്ടിട്ടുളളത്;

(സി) ഇപ്പോൾ എത്ര ബസ്സുകളാണ് വിഴിഞ്ഞം ഡിപ്പോയിൽ പ്രവർത്തന സജ്ജമായിട്ടുളളത്;

(ഡി) നിശ്ചയിച്ചിട്ടുളള എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിനും മത്സ്യബന്ധന സീസൺ പ്രമാണിച്ച് കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും ആവശ്യമായ അധിക ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വെഞ്ഞാറമൂട്, പാലോട് ഡിപ്പോയിൽ നിന്നും തിരിച്ചെടുത്ത ബസ്സുകൾ</u>

5179 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വെഞ്ഞാറമൂട്, പാലോട് ഡിപ്പോകളിൽ നിന്നും എത്ര ബസ്സുകൾ തിരിച്ചെടുത്തിട്ടുണ്ട് ;

(ബി) പ്രസ്തുത ഡിപ്പോകളിലേയ്ക്ക് പുതിയതായി എത്ര ബസ്സുകൾ നല്കിയിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>വൈപ്പിന്‍ ദ്വീപുവഴി കെ.എസ്.ആര്‍.ടി.സി. സര്‍വ്വീസ്</u>

5180 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ ദ്വീപുവഴി സര്‍വ്വീസ് നടത്തുന്നതിന് എത്ര പെര്‍മിറ്റുകളാണ് കെ.എസ്.ആര്‍.ടി.സി.ക്കുളളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പെര്‍മിറ്റുകളിലായി എത്ര ട്രിപ്പുകളാണ് നിര്‍ദ്ദേശിച്ചിട്ടുളളതെന്നും റൂട്ടും വിശദീകരിക്കാമോ; പ്രസ്തുത സര്‍വ്വീസുകള്‍ ഏതെല്ലാം ഡിപ്പോകളില്‍ നിന്നും ആരംഭിക്കുന്നതിനാണ് നിര്‍ദ്ദേശം നല്‍കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) നിലവിലുളള സര്‍വ്വീസുകള്‍ മുടക്കം കൂടാതെ നടത്തുന്നതിനും, പുതുതായി കൂടുതല്‍ സര്‍വ്വീസുകള്‍ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ ദ്വീപുവഴി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടിസി. ബസ്സുകൾ</u>

5181 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ദ്വീപുവഴി സർവ്വീസ് നടത്തുന്ന കെ.എസ്. ആർ.ടി.സി. ബസ്സുകൾ 2012 ഡിസംബർ മുതൽ 2013 മെയ് വരെ ഏതെല്ലാം റൂട്ടിൽ എത്ര സർവ്വീസുകൾ നടത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ മാസവും വൈപ്പിൻ ദ്വീപു വഴി നടത്തിയ സർവ്വീസുകളിൽ ഓരോ റൂട്ടിൽനിന്നും കെ.എസ്.ആർ.ടി.സി. ക്ക് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പെർമിറ്റ് ഉണ്ടായിട്ടും സർവ്വീസ് നടത്താതിരുന്നിട്ടുണ്ടെങ്കിൽ ഏതെല്ലാം റൂട്ടിൽ എത്ര സർവ്വീസുകൾ വീതമെന്നും എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മാല്യങ്കരപ്പാലം വഴി വൈപ്പിന്‍ റൂട്ടില്‍ കെ.എസ്.ആര്‍.ടി.സി. സര്‍വ്വീസ്</u>

5182 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാല്യങ്കരപ്പാലം വഴി വൈപ്പിന്‍ റൂട്ടില്‍ കെ.എസ്.ആര്‍. ടി.സി.ക്ക് എത്ര പെര്‍മിറ്റുകളിലായി ഏതെല്ലാം റൂട്ടില്‍ എത്ര സര്‍വ്വീസുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പെര്‍മിറ്റ് ഉണ്ടായിട്ടും സര്‍വ്വീസ് നടത്താതിരുന്നിട്ടുണ്ടെങ്കില്‍ ഏതെല്ലാമെന്നും എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

നാലമ്പലദർശനത്തിന് പ്രത്യേകം കെ.എസ്.ആർ.ടി.സി. ബസ്സുകൾ

5183 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ ശ്രീരാമക്ഷേത്രം - ഇരിങ്ങാലക്കുട കൂടൽമാണിക്യം- മൂഴിക്കുളം - പായമ്മൽ എന്നീ നാലു ക്ഷേത്രങ്ങളിൽ ഒരേ ദിവസം ദർശനം നടത്തുന്നതിന് തീർത്ഥാടകരുടെ സൗകര്യാർത്ഥം കർക്കിടകം-1 മുതൽ കെ.എസ്.ആർ.ടി.സി. യുടെ സ്പെഷ്യൽ ബസ്സുകൾ ഓടിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എത്ര സ്പെഷ്യൽ ബസ്സുകളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; കർക്കിടകമാസം മുഴുവൻ 4 ബസ്സുകളെങ്കിലും ഓപ്പറേറ്റ് ചെയ്യുമോ;

(സി) തൃശ്ശൂർ ഡിപ്പോയിൽ നിന്നാരംഭിച്ച് തൃപ്രയാർ ക്ഷേത്രം വഴി നാലമ്പലദർശനം നടത്താൻ റൂട്ട് അനുവദിക്കുമോ; കർക്കിടകം-1 ന് തൃപ്രയാർ ക്ഷേത്രനടയിൽ ഉദ്ഘാടനം നടത്തുവാൻ കഴിയുംവിധം നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി</u>

5184 ശ്രീ. പി. റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 212 -ൽ കോഴിക്കോട് - വയനാട് റൂട്ടിൽ പടനിലത്ത് ഏതെല്ലാം കെ. ആർ. ടി. സി. ബസ്സുകൾക്കാണ് സ്റ്റോപ്പ് ഉളളത്;

(ബി) ദക്ഷിണേന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ മടവൂർ സി. എം.മഖാമിലേക്ക് പോകുന്നവർക്കായി എല്ലാ ബസുകൾക്കും സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നഗരത്തിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

5185 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്നതിനായി ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. കോഴിക്കോട് സോണൽ ഓഫീസിൽ നിന്നും ഇത് സംബന്ധിച്ച സർവ്വെ നടത്തുകയുണ്ടായോ; ഉണ്ടെങ്കിൽ സർവ്വെ എന്നാണ് നടത്തിയത് എന്ന് വിശദമാക്കാമോ;

(സി) സർവ്വെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ആയതിന്മേൽ നടപടികൾ സ്വീകരിച്ചോ; വിശദമാക്കാമോ;

(ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾനാടുകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ഷെഡ്യൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആരിൽ നിന്നെല്ലാം; ഓരോ അപേക്ഷയിലെയും ആവശ്യങ്ങൾ സ്പഷ്ടമാക്കാമോ;

(ഇ) ലഭിച്ചിട്ടുള്ള ഈ അപേക്ഷകളിന്മേൽ ഓരോന്നിലും സർക്കാരിന്റെ പരിഗണനകളും നടപടികളും വിശദമാക്കാമോ;

(എഫ്) കൊയിലാണ്ടി മണ്ഡലത്തിൽ ഉൾനാടൻ പ്രദേശങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി.യുടെ എത്ര ഷെഡ്യൂളുകൾ ഉണ്ട് എന്നും അത് ഏതെല്ലാം എന്നും വിശദമാക്കാമോ;

(ജി) ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാട് എത്തുന്നതിന് തിരുവങ്ങൂർ ടൗൺ ടു ടൗൺ സർവ്വീസിന് സ്റ്റോപ്പ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ പരിഗണിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി ഡിപ്പോകൾക്ക് പുതിയ കെട്ടിടം</u>

5186 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം കെ.എസ്.ആർ. ടി.സി ഡിപ്പോകൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി ഡിപ്പോ ഓഫീസ് കെട്ടിടവും വർക്ക്ഷോപ്പ് കെട്ടിടങ്ങളും ജീർണ്ണാവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ആക്രമിച്ചതിനെതിരെ സ്വീകരിച്ച നടപടികൾ</u>

5187 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ഡ്യൂട്ടി സമയത്ത് ആക്രമിച്ച് പരിക്കേൽപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈ കേസുകൾ ആരാണ് നടത്തുന്നതെന്നും അറിയിക്കാമോ;

(ഡി) കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പ് എന്ത് സഹായമാണ് ജീവനക്കാർക്ക് നൽകുന്നതെന്ന് അറിയിക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിൽ ഇത്തരം സംഭവങ്ങൾ കൂടുതലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

### ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

5188 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാഷാന്യൂനപക്ഷങ്ങൾക്ക് മലയാള ഭാഷ അറിഞ്ഞിരിക്കണമെന്നില്ല എന്ന ഇളവ് എല്ലാവർക്കും ബാധകമാക്കാൻ സ്പെഷ്യൽ റൂളിലെ വ്യവസ്ഥ മാറ്റാൻ നടപടി സ്വീകരിക്കുമോ;

(സി) ഡിപ്പോ മാനേജർ തസ്തികയ്ക്ക് എം.ടെക്, ബി.ടെക്, ഡിപ്ലോമ അല്ലെങ്കിൽ ഐ.ടി.ഐ. അല്ലെങ്കിൽ എക്സ്പീരിയൻസ് എന്നിങ്ങനെ യോഗ്യത നിശ്ചയിച്ചിട്ടുള്ളതിലെ അപാകത തിരുത്തുമോ;

(ഡി) സാങ്കേതിക യോഗ്യതയും, അക്കാദമിക് യോഗ്യതയും ആവശ്യമുള്ള സൂപ്പർവൈസറി തസ്തികകളിൽ വെറും പ്രവൃത്തിപരിചയവും സീനിയോറിറ്റിയുമെന്ന മാനദണ്ഡം സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്പെഷ്യൽ റൂൾസ് കാലാനുസൃതമായി സമഗ്രമായി പരിഷ്കരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സ്കൂൾ ബസ്സുകളുടെ സുരക്ഷിതത്വം</u>

T5189 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകളുടെ സഞ്ചാരക്ഷമതയും അത് ഓടിക്കുന്ന ഡ്രൈവർമാരുടെ യോഗ്യതയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ; അപ്രകാരം ചെയ്യാത്തവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നേരിട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെന്ന് ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് പോലീസ് ട്രാൻസ്പോർട്ട് വകുപ്പുകളുടെ പ്രത്യേക സംയുക്ത ഗ്രൂപ്പുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം</u>

5190 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - വടകര ദേശീയ പാതയിലെ സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം കാരണം കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എത്ര അപകടങ്ങളുണ്ടായി എന്നും എത്ര പേർ മരണപ്പെട്ടു എന്നും അറിയാമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ ഓടുന്ന എല്ലാ സ്വകാര്യ ബസ്സുകളിലും പ്രവർത്തനക്ഷമമായ സ്പീഡ് ഗവേർണർ ഘടിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നും ഇത് പരിശോധിക്കാൻ എന്ത് സംവിധാനമാണ് ഉള്ളത് എന്നും വ്യക്തമാക്കുമോ;

(സി) സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം മൂലമുള്ള അപകടങ്ങൾ ഇല്ലാതാക്കാൻ മോട്ടോർ വാഹന വകുപ്പ് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സ്വകാര്യ സ്റ്റേജ് കാര്യേജ് ബസ്സുകളിലെ യാത്രാസൗകര്യങ്ങൾ</u>

5191 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്റ്റേജ് കാര്യേജ് ബസ്സുകളിൽ സീറ്റുകൾ തമ്മിലുള്ള അകലം, ബസ്സുകളുടെ നീളം, ചവിട്ടുപടികളുടെ ഉയരം എന്നിവ സംബന്ധിച്ച് വ്യക്തമായ നിയമമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) മുകളിൽ പറഞ്ഞവയിലെ അസൗകര്യം മൂലമുള്ള യാത്രാബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

**സ്വകാര്യ ബസ്സുകളുടെ സമയവും റൂട്ടും പരിശോധിക്കുന്നതിനുള്ള സംവിധാനം**

5192 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
'' കോലിയക്കോട് എന്‍. കൃഷ്ണന്‍നായര്‍
'' വി. ശിവന്‍കുട്ടി
ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ ബസ്സുകള്‍ക്ക് പെര്‍മിറ്റുകള്‍ നല്‍കുന്നതു സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിലുള്‍പ്പെടെ നിയമലംഘനം നടത്തി കെ.എസ്.ആര്‍.ടി.സിയുടെ വരുമാനം കവരുന്ന തരത്തില്‍ സ്വകാര്യബസ്സുകള്‍ സര്‍വ്വീസ് നടത്തുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരത്ത് നിലവിലുള്ള രണ്ടു നോട്ടിഫൈഡ് സ്കീമുകളിലും ഒന്നര കീ.മീറ്റര്‍ അധികം സഞ്ചരിക്കാന്‍ നഗരത്തിലോടുന്ന സ്വകാര്യ സര്‍വ്വീസുകള്‍ക്ക് അനുമതി നല്‍കിയിരുന്നോ; എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ഡി) തിരുവനന്തപുരം സിറ്റി & മൊഫ്യൂസില്‍ സ്കീം പരിഷ്കരിക്കുന്നതിനും നോട്ടിഫൈഡ് സ്കീമുകളിലേക്ക് ഒന്നര കി.മീറ്റര്‍ കവിയാന്‍ നല്‍കിയ അനുമതി പിന്‍വലിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) തിരുനന്തപുരം നഗരത്തില്‍ സ്വകാര്യ ബസ്സുകള്‍ക്ക് പെര്‍മിറ്റ് നല്‍കിയതിലെ അഴിമതിയുമായി ബന്ധപ്പെട്ട് ലോകായുക്തയുടെ മുന്നില്‍ നിലവിലുള്ള രണ്ടു കേസ്സുകളുടെയും സ്ഥിതിയെന്താണെന്നും ഈ കേസ്സുകളില്‍ ആരെല്ലാമാണ് പ്രതികളെന്നും വ്യക്തമാക്കുമോ;

(എഫ്) നഗരത്തിലോടുന്ന സ്വകാര്യബസ്സുകളുടെ സമയവും റൂട്ടും പരിശോധിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>മാല്യങ്കരപ്പാലം വഴി ബസ് സർവ്വീസ്</u>

5193 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം തീരദേശ മേഖലയെ വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന മാല്യങ്കരപ്പാലം വഴി സർവ്വീസു നടത്താൻ എത്ര ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര സ്വകാര്യ ബസ് പെർമിറ്റുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ആയിരക്കണക്കിന് യാത്രക്കാർ പ്രസ്തുത പാലം വഴി കൊടുങ്ങല്ലൂർക്ക് യാത്ര ചെയ്യുന്നതിന് മതിയായ ബസ്സുകൾ ഇല്ലാത്തത് മൂലം ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) ഈ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് കെ.എസ്. ആർ.ടി.സി. തയ്യാറല്ലെങ്കിൽ പുതുതായി സ്വകാര്യ ബസ്സ് പെർമിറ്റ് അനുവദിച്ച് കടുത്ത യാത്രാ ക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സ്റ്റുഡന്‍സ് ട്രാവലിംഗ് ഫെസിലിറ്റി കമ്മിറ്റി</u>

5194 ശ്രീ. കെ. അച്ചുതന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാര്‍ത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കാന്‍ സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എന്തെല്ലാം യാത്രാ പ്രശ്നങ്ങളാണ് സമിതി പരിഹാരം കാണാന്‍ ഉദ്ദേശിക്കുന്നത്;

(ഡി) സ്റ്റുഡന്‍സ് ട്രാവലിംഗ് ഫെസിലിറ്റി കമ്മിറ്റി സംസ്ഥാനതലത്തില്‍ വ്യാപിപ്പിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 2.07.2013–ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളെ ബസ്സിൽ കയറ്റാതെ തടഞ്ഞു നിർത്തുന്ന നടപടി</u>

5195 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്രമായി യാത്ര ചെയ്യാനുള്ള പൗരന്റെ അവകാശത്തെ തടസ്സപ്പെടുത്തും വിധത്തിൽ കോഴിക്കോട് സ്വകാര്യ ബസ്സ് സ്റ്റാന്റിൽ, ബസ്സുകളുടെ മുൻ – പിൻ വാതിലുകളിൽ നിന്നുകൊണ്ട് ബസ്സ് കണ്ടക്ടർമാരും, ക്ലീനർമാരും വിദ്യാർത്ഥികൾ ബസ്സിൽ കയറുന്നത് തടയുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ് സ്റ്റാന്റിൽ, വിദ്യാർത്ഥികളെ ബസ്സിൽ കയറാതെ തടഞ്ഞു നിർത്തുകയും, സ്റ്റാർട്ട് ചെയ്ത് ബസ്സ് ട്രാക്ക് വിടുന്ന സമയത്ത് നാലോ, അഞ്ചോ വിദ്യാർത്ഥികളെ മാത്രം കയറ്റുകയും ചെയ്യുന്ന രീതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് അവസാനിപ്പിക്കാനും സ്വാതന്ത്രമായ യാത്ര ഉറപ്പാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ സ്വകാര്യ ബസ്സ് റൂട്ട് പെർമിറ്റുകൾ</u>

5196 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊല്ലം ജില്ലയിൽ എത്ര സ്വകാര്യ ബസുകൾക്ക് റൂട്ട് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ആർ.ടി.സി. ലാഭകരമായി സർവ്വീസ് നടത്തിവരുന്ന എത്ര റൂട്ടുകൾ മേൽ പ്രകാരം അനുവദിച്ച റൂട്ട് പെർമിറ്റുകളിൽ ഉൾപ്പെടുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സ് ജീവനക്കാർക്കുള്ള കളക്ഷൻ ബത്ത</u>

5197 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസുകളിലെ ജീവനക്കാർക്കു ലഭിക്കുന്ന കളക്ഷൻ ബത്തയാണ് അമിത വേഗത്തിനും അപകടങ്ങൾക്കും കാരണമാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കളക്ഷൻ ബത്ത ഒഴിവാക്കി ന്യായമായ ശമ്പളം ജീവനക്കാർക്ക് നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുമോ ;

(സി) കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ കളക്ഷൻ ബത്ത നിർത്തലാക്കി കഴിഞ്ഞ 18 മാസം കൊണ്ട് അപകടങ്ങൾ ഇല്ലായ്മ ചെയ്ത കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരം നടപടികൾ വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വാഹനാപകടങ്ങൾ

5198 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ തുടർച്ചയായി വാഹനാപകടങ്ങൾ ഉണ്ടാവുന്നതും അപകടമരണങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാഹനാപകടങ്ങളും അതുമൂലമുള്ള ദുരന്തങ്ങളും ഇല്ലാതാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ബസ്സ് പോലുള്ള വലിയ വാഹനങ്ങളുടെ അമിത വേഗതയാണ് പലപ്പോഴും ദുരന്തങ്ങൾക്ക് കാരണമാവുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അമിത വേഗത നിയന്ത്രിച്ച് ജീവന് സംരക്ഷണം നൽകാൻ എന്ത് നടപടികൾ സ്വീകരിച്ചു; എന്ത് നടപടികൾ പ്രാവർത്തികമാക്കി; വിശദമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ വാഹനാപകടങ്ങൾ മൂലം കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) കൊയിലാണ്ടി മണ്ഡലത്തിൽ നാഷണൽ ഹൈവേയിൽ അപകട സാധ്യത കൂടിയ മേഖലകൾ ഏതെല്ലാം;

(എഫ്) പ്രസ്തുത മേഖലകളെ സംബന്ധിച്ച നിരീക്ഷണം/പഠനം/നിഗമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയെല്ലാം; പ്രസ്തുത പ്രദേശങ്ങളിൽ വാഹനാപകടവും ദുരന്തങ്ങളും ഒഴിവാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ഷെയര്‍ ഓട്ടോ, ടാക്സി സംവിധാനം</u>

5199 ശ്രീ. അന്‍വര്‍ സാദത്ത്
'' ജോസഫ് വാഴക്കന്‍
'' എം. എ. വാഹിദ്
'' ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷെയര്‍ ഓട്ടോ, ടാക്സി സംവിധാനം നടപ്പാക്കാന്‍ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

ഓട്ടോറിക്ഷ പാർക്കിംഗ് നിർദ്ദേശങ്ങൾ

5200 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷ സ്റ്റാന്റുകളെയും ഓട്ടോറിക്ഷ പാർക്കിംഗും സംബന്ധിച്ച ഹൈക്കോടതി ഉത്തരവിന്മേൽ എന്തു നടപടികളാണ് ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കോടതി വിധിയെത്തുടർന്ന് ഓട്ടോറിക്ഷ തൊഴിലാളികൾക്കുണ്ടായിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓട്ടോറിക്ഷ സ്റ്റാന്റുകൾ കണ്ടെത്തുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ഓട്ടോറിക്ഷ സ്റ്റാന്റുകളുടെ സൗകര്യങ്ങളും ലഭ്യതയും പരിഗണിച്ച് പുതിയ പെർമിറ്റുകൾ നൽകുന്നതിൽ നിയന്ത്രണം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

**കേരള നിയമസഭ**
**2.07.2013–ലെ മറുപടിക്ക്**

<u>റോഡുകളുടെയും, ട്രാഫിക് സുരക്ഷാ</u>
<u>സംവിധാനങ്ങളുടേയും പരിശോധന</u>

5201 ശ്രീ. പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയിൽ മോട്ടോർ വാഹന വകുപ്പ് പോലീസ്, പി. ഡബ്ള്യൂ. ഡി. എന്നീ വകുപ്പുകളുമായി ചേർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുളള തെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട്, റോഡുകളുടെയും ട്രാഫിക് സംവിധാനങ്ങളുടെയും സംയുക്ത പരിശോധന നട ത്താറുണ്ടോ; എങ്കിൽ അത്തരം സംയുക്ത പരിശോധന യിൽ കണ്ടെത്തിയ പ്രധാന ന്യൂനതകളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) റോഡുകളുടെയും, ട്രാഫിക് സുരക്ഷാ സംവിധാനങ്ങ ളുടെയും അവസ്ഥ നിശ്ചിത കാലയളവുകളിൽ സംയു ക്തമായി പരിശോധിക്കുന്നതിനും ന്യൂനതകൾ പരി ശോധിക്കുന്നതിനും സ്ഥിരം സംവിധാനമൊരുക്കു കയും നോഡൽ ഓഫീസറെ നിയോഗിക്കുകയും ചെയ്യു മോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വാഹന ഉടമയുടെ പേര്</u>

5202 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ജോയിന്റ് ആർ.ടി.ഒ പരിധിയിൽ ഓടുന്ന കെ.എൽ - 01 - ബി.ഇ. - 2016 നമ്പർ വാഹനത്തിന്റെ ഉടമയാരാണ്;

(ബി) നിയമാനുസരണം ബോർഡ് വച്ചാണോ ഈ വാഹനം ഓടുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>നിയമവിരുദ്ധമായി കേരള സർക്കാർ എന്ന ബോർഡ് ഉപയോഗിച്ച വാഹനങ്ങൾ</u>

5203 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നിയമവിരുദ്ധമായി കേരള സർക്കാർ എന്ന ബോർഡ് ഉപയോഗിച്ച എത്ര വാഹനങ്ങൾക്കെതിരെ കേസെടുത്തിട്ടുണ്ട് ;

(ബി) ഇതിന്റെ ഉടമകൾ ആരെല്ലാമാണ് ;

(സി) എത്ര രൂപാ ഫൈൻ ഈടാക്കി; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വാഹന രജിസ്ട്രേഷന് ആധാർകാർഡ് അംഗീകരിക്കുന്നതിന് നടപടി</u>

5204 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന രജിസ്ട്രേഷന് ആധാർ കാർഡ് അംഗീകരിച്ചിട്ടുണ്ടോ; ഇപ്പോൾ നിലവിലുള്ള മേൽവിലാസത്തിൽ വാഹനം രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ലഭ്യമാക്കുമോ;

(ബി) ആർ.സി. ബുക്കിൽ വാഹന ഉടമയുടെ ഫോട്ടോ പതിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) വാഹനങ്ങളുടെ ആർ.സി ബുക്ക് ലഭിക്കുന്നതിനും, ഹൈപ്പോത്തിക്കേഷൻ മാറ്റുന്നതിനും നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ഡ്രൈവിംഗ് ലൈസന്‍സ് ഓണ്‍ലൈന്‍ വഴിയാക്കാന്‍ നടപടി</u>

5205 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, പി. എ. മാധവന്‍
,, റ്റി. എന്‍. പ്രതാപന്‍
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡ്രൈവിംഗ് ലൈസന്‍സ് ഓണ്‍ലൈന്‍ വഴിയാക്കാന്‍ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി ഏതെല്ലാം ഏജന്‍സികളാണ് സഹകരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹനവകുപ്പിൽ വിജിലൻസ് പരിശോധന</u>

5206 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മോട്ടോർ വാഹനവകുപ്പിന്റെ ഏതെല്ലാം ഓഫീസുകളിലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിശോധനയിൽ കുറ്റം കണ്ടെത്തിയിട്ടുള്ള മോട്ടോർ വാഹനവകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, ഓഫീസ് എന്നിവ ഉൾക്കൊള്ളിച്ച ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) മോട്ടോർ വാഹനവകുപ്പിനെ അഴിമതിരഹിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

വെഹിക്കിൾ ഇൻസ്പെക്ടർമാരെ ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളിൽ നിയമിക്കുന്നതിനുള്ള മാനദണ്ഡം

5207 ശ്രീ.സി.കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ആർ.ടി.ഒ ചെക്ക് പോസ്റ്റുകളിൽ വെഹിക്കിൾ ഇൻസ്പെക്ടർമാരെ (എം.വി.ഐ, എ.എം.വി.ഐ) നിയമിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ആർ.ടി ആഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ</u>

5208 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ സൃഷ്ടിച്ച അധിക തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആർ.ടി ആഫീസുകളിൽ ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതി മുടക്കം പതിവാകുന്ന സാഹചര്യം പരിഗണിച്ച് എല്ലാ ആർ.ടി ആഫീസുകളിലും ജനറേറ്റർ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ</u>

5209 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) റോഡ് വഴിയുള്ള ഗതാഗതസ്തംഭനം നിത്യസംഭവമായ കേരളത്തിൽ ജലഗതാഗതം പരിപോഷിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിവരങ്ങൾ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ജലഗതാഗത വകുപ്പിന്റെ നഷ്ടം

5210 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ കീഴിൽ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) പ്രസ്തുത ബോട്ടുകളുടെ അറ്റകുറ്റപണികൾക്ക് ജലഗതാഗത വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(സി) ജലഗതാഗത വകുപ്പിന്റെ കീഴിൽ എവിടെയെല്ലാമാണ് ഡീസൽ പമ്പുകൾ ഉള്ളത്;

(ഡി) ജലഗതാഗത വകുപ്പിന്റെ പ്രതിവർഷ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ വിവരം</u>

5211 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ കീഴിലും സ്വകാര്യ മേഖലയിലുമായി എത്ര ബോട്ടുകൾ കായലുകളിൽ സർവ്വീസ് നടത്തുന്നു;

(ബി) ഇതിൽ നിയമാവലിപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവ എത്ര; രജിസ്റ്റർ ചെയ്യാതെ സർവ്വീസ് നടത്തുന്നവ എത്ര;

(സി) രജിസ്റ്റർ ചെയ്യപ്പെടാതെ സർവ്വീസ് നടത്തുന്നവ അപകടങ്ങളും അനാശാസ്യപ്രവൃത്തികളും അനധികൃത കടത്തുകളും നടത്തുന്നത് നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ബോട്ടു യാത്രയിൽ എത്ര അപകടങ്ങൾ സംഭവിച്ചു; എത്ര പേർക്ക് ജീവഹാനി സംഭവിച്ചു; സർക്കാർ/സ്വകാര്യ മേഖലയിൽ രജിസ്റ്റർ ചെയ്ത ബോട്ടുകൾ/രജിസ്റ്റർ ചെയ്യാത്ത ബോട്ടുകൾ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) ജലഗതാഗതവകുപ്പിൽ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്തതും ഡ്രൈവിംഗ് അറിയാത്തവർ പ്രസ്തുത തൊഴിലിലേർപ്പെടുന്നതുമാണ് ഇത്തരം അപകടങ്ങൾക്ക് കാരണമെന്ന് പല അപകടകാരണങ്ങളിന്മേലുള്ള പഠന റിപ്പോർട്ടുകൾ, റിപ്പോർട്ട് ചെയ്തിട്ടുളളത് ശ്രദ്ധയിൽപ്പെട്ടുവോ;

(എഫ്) എങ്കിൽ പ്രസ്തുത റിപ്പോർട്ട് പ്രകാരം വകുപ്പിൽ നടപടികൾ സ്വീകരിക്കാത്ത എത്ര ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചു; എപ്രകാരമുളള നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ജി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നല്കിയിട്ടുണ്ട്; വിശദമാക്കുമോ ?